പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1663 — 08-06-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** വിള ഇൻഷ്വറൻസ് പദ്ധതി കർഷകർക്ക് എത്രമാത്രം പ്രയോജനപ്രദമായെന്നും ഓഖി കൊടുങ്കാറ്റിൽ വിളകൾ നശിച്ച കർഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് ഈ ഇൻഷ്വറൻസ് സഹായകമായോയെന്നും അറിയിക്കാമോ ; | **(എ)** സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന്, അധികം കാലതാമസമില്ലാതെ തന്നെ കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ കഴിയുന്നുണ്ട്. നഷ്ടപ്പെട്ട വിളയുടെ വിപണിമൂല്യത്തിനോടടുത്ത നിരക്കിൽ, വിളയുടെ നഷ്ടപരിഹാര തോത്, മുൻകാലത്തെ അപേക്ഷിച്ച്, ഇരട്ടിയായും, ചില വിളകളെ സംബന്ധിച്ചിടത്തോളം അഞ്ചിരട്ടിയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ, 2017-18 സാമ്പത്തിക വർഷത്തിൽ വിളനാശം സംഭവിച്ച 11,202 കർഷകർക്കായി 876.179 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയുണ്ടായി.<br><br>ഓഖി കൊടുങ്കാറ്റിൽപ്പെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്കും, സമയബന്ധിതമായി, ആനുകൂല്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| **(ബി)** ഏതൊക്കെ കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നത്; | **(ബി)** നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളുവെന്ന വ്യവസ്ഥ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കൃഷിനാശം സംഭവിച്ച വിളകളിൽ നിന്നും ഉല്പാദനമോ അതേ തുടർന്നുള്ള വരുമാനമോ ലഭ്യമാകാത്ത അവസരത്തിൽ, കർഷകനെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത് എന്നതിനാൽ, വിളകൾക്കുണ്ടാകുന്ന പൂർണ്ണമായ നാശത്തിനാണ് നഷ്ടപരിഹാരം നൽകുന്നത്. |
| (ഡി) കാലാവസ്ഥ വ്യതിയാനവും കാർഷികോത്പന്നങ്ങളുടെ ഉല്പാദനവും കുറയുന്ന സാഹചര്യത്തിൽ ഇവരെ രക്ഷിക്കുന്നതിന് ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ? | (ഡി) കാലാവസ്ഥാ വ്യതിയാനവും കാർഷികോത്പന്നങ്ങളുടെ ഉല്പാദനവും കുറയുന്ന സാഹചര്യത്തിൽ കർഷകരെ രക്ഷിക്കുന്നതിന് നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. 25 വർഷങ്ങൾക്ക് ശേഷം സംസ്ഥാന സർക്കാർ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് മൂലം കർഷകർക്ക് വർദ്ധിച്ച നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആയതിനാൽ ഇപ്പോൾ പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ല. |

**സെക്ഷൻ ഓഫീസർ**